സെക്ഷൻ തിരിച്ച് അനുബന്ധം III ആയി ചേർക്കുന്നു.*

എച്ച്.റ്റി. വിഭാഗത്തിലെ കടിശ്ശിക വിവരങ്ങൾ സെക്ഷൻ തിരിച്ച് അനുബന്ധം IV ആയി ചേർക്കുന്നു.*

വൈദ്യുത പദ്ധതികൾ

3(1991) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011-12, 2012-13, 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ കായംകുളം മണ്ഡലത്തിൽ അനുമതി നൽകിയിട്ടുള്ള വൈദ്യുത പദ്ധതികൾ ഏതെല്ലാമാണ്;

(ബി) ഓരോ പദ്ധതിക്കും അനുവദിച്ചിട്ടുള്ള തുക എത്ര വീതമെന്നും ഇവയിൽ ഏതൊക്കെ പൂർത്തീകരിച്ചുവെന്നും, നടന്നുവരുന്ന പ്രവൃത്തികൾ ഏതെല്ലാമെന്നും വിശദമാക്കാമോ ?

ഉത്തരം

(എ) കേരള ഡെവലപ്മെന്റ് സ്കീം, ആർ.എ.പി. ഡി.ആർ.പി., ആർ.ജി.ജി.വി.വൈ., നോർമൽ ഡെവലപ്മെന്റ് സ്കീം എന്നീ വൈദ്യുതി പദ്ധതികൾക്കാണ് അനുമതി നൽകിയിട്ടുള്ളത്.

(ബി) ഓരോ പദ്ധതിക്കും (പൂർത്തീകരിച്ചതും നടന്നു വരുന്നതും) അനുവദിച്ച തുക അനുബന്ധമായി ചേർത്തിട്ടുണ്ട്.*

ഇതിൽ ആർ.ജി.ജി.വി.വൈ., നോർമൽ ഡെവലപ്മെന്റ് സ്കീം എന്നീ പദ്ധതികൾ 2014-15 വരെയുള്ളത് പൂർത്തീകരിച്ചു കഴിഞ്ഞു. ആർ.എ.പി. ഡി.ആർ.പി., കേരള ഡെവലപ്മെന്റ് സ്കീം എന്നീ പദ്ധതികൾ പുരോഗമിച്ചു വരുന്നു.

സ്ട്രീറ്റ് ലൈറ്റുകൾക്ക് മീറ്റർ

4(1992) ശ്രീ.ബി.സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിലുള്ള സ്ട്രീറ്റ് ലൈറ്റുകൾക്ക് മീറ്റർ സ്ഥാപിക്കുന്ന പദ്ധതി നടപ്പിൽ വരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പദ്ധതിക്ക് എത്ര തദ്ദേശ ഭരണസ്ഥാപനങ്ങൾ കെ.എസ്.ഇ.ബി.-യ്ക്ക് പണമടച്ചിട്ടുണ്ടെന്നും ആകെ എത്ര രൂപ ഇതുവഴി ലഭിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ ;

(സി) പണമടച്ച സ്ഥാപനങ്ങൾക്ക് അടിയന്തരമായി മീറ്ററുകൾ സ്ഥാപിച്ചു നൽകാൻ നടപടി സ്വീകരിക്കാമോ ?

ഉത്തരം

(എ) ഉണ്ട്. തെരുവുവിളക്കുകൾക്ക് മീറ്ററിംഗ് ഏർപ്പെടുത്തുവാനുള്ള പദ്ധതി സംബന്ധിച്ച് ബോർഡ് 17-5-21012-ൽ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത പദ്ധതി പ്രകാരം നിശ്ചിത സമയപരിധിക്കുള്ളിൽ പണമടയ്ക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് എസ്റ്റിമേറ്റ് തുകയുടെ 50% ഇളവ് ലഭിച്ചിരുന്നു. തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനുള്ള എസ്റ്റിമേറ്റ് തുകയുടെ 50% കൺസഷൻ ലഭിക്കുന്നതിന് 31-3-21014 വരെ സമയം ദീർഘിപ്പിച്ചു നൽകുകയും ചെയ്തിരുന്നു. പദ്ധതി പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പലതും മീറ്ററുകൾ സ്ഥാപിക്കുവാനായി പണം അടച്ചിരുന്നെങ്കിലും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്മീറ്റ് ലൈറ്റ് മീറ്ററിംഗ് നടപ്പാക്കുന്നതിനായി വ്യത്യസ്ത രീതികളിലുള്ള സ്മീറ്റ് ലൈറ്റ് കൺട്രോളറുകൾ സ്ഥാപിക്കുന്നത് ബോർഡിന്റെ ശ്രദ്ധയിൽപ്പെട്ടതിനാൽ ഗുണനിലവാരമുള്ള ഉപകരണങ്ങൾ നിഷ്കർഷിക്കുന്നതിന്റെ ഭാഗമായി സ്മീറ്റ് ലൈറ്റ് കൺട്രോളറിന്റെ സ്പെസിഫിക്കേഷൻ ഏകീകരിച്ച് ടെണ്ടർ ചെയ്യുവാൻ ബോർഡ് തീരുമാനിച്ചതുകാരണം സ്മീറ്റ് ലൈറ്റ് മീറ്ററിംഗ് നടപ്പാക്കുന്ന പ്രവൃത്തിക്ക് കാലതാമസം നേരിട്ടിരുന്നു. എന്നാൽ ഇപ്പോൾ സ്മീറ്റ്ലൈറ്റ് കൺട്രോളറുകൾ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് വിതരണം ചെയ്തു തുടങ്ങിയിട്ടുണ്ട്. ഇതിനോടകം പണം അടച്ചിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽപ്പെടുന്ന തെരുവു വിളക്കുകൾക്ക് മീറ്ററുകൾ ഘടിപ്പിക്കുന്ന പ്രവൃത്തികൾ നടന്നുവരികയാണ്.

(ബി) 563 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആകെ 22,79,63,149 രൂപ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ അടച്ചിട്ടുണ്ട്.

(സി) കൺട്രോളറുകൾ ലഭ്യമാകുന്നമുറയ്ക്ക് മീറ്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly